# മന്ത്രിസഭാ തീരുമാനങ്ങൾ

## (27.01.2010)

- പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അക്രമങ്ങൾക്കെതിരെയുള്ള കേസുകൾ കൈകാര്യം ചെയ്യാൻ മഞ്ചേരിയിലും കല്പറ്റയിലും ഓരോ പ്രത്യേക കോടതികൾ സ്ഥാപിക്കുവാൻ തീരുമാനിച്ചു.

- തടവുകാരുടെ സുരക്ഷ, തടവുകാരോടുള്ള മാന്യമായ പെരുമാറ്റം, ദുർഗ്ഗുണ പരിഹാരം, ഉന്നത വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ക്ഷേമപ്രവർത്തനങ്ങൾ, പുനരധിവാസം തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി സമഗ്രവും കാര്യക്ഷമവുമായ ഒരു ജയിൽ നിയമം നിർമ്മിക്കുവാൻ തീരുമാനിച്ചു. ഇതിനുള്ള ബില്ലിന് അംഗീകാരം നൽകി.

- പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ, സർവകലാശാലകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയിലെ അനുയോജ്യമെന്ന് കണ്ടെത്തിയ തസ്തികകളിൽ വികലാംഗർക്ക് മൂന്ന് ശതമാനം സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചു.

- 31.12.2001 ൽ സർവീസിലുള്ളവരും 31.12.2006ൽ 500 ദിവസത്തെ ഹാജർ ഉള്ളവരും ഇപ്പോഴും സർവീസിൽ തുടരുന്നവരുമായ ജലവിഭവവകുപ്പിലെ 178 കാഷ്വൽ തൊഴിലാളികളെ എസ്.എൽ.ആർ (സീസണൽ ലേബർ) ആക്കാൻ തീരുമാനിച്ചു.

******